LIBRARY ARCHIVES Kerala Legislative Assembly

പത്തനംതിട്ട ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II നിയമനം

65 (70) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ ആരോഗ്യ വകുപ്പിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നിട്ടുള്ളത് ;

(ബി) എത്ര പേരാണ് റാങ്ക് ലിസ്റ്റിലുള്ളത്; റാങ്ക് ലിസ്റ്റിന് എന്നുവരെയാണ് കാലാവധിയുള്ളത്;

(സി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു വർഷം പൂർത്തിയായപ്പോഴേക്കും ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം ലഭിച്ചുവെന്നും ബാക്കിയുള്ളവർക്ക് നിയമനം നൽകാൻ കഴിയാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(ഡി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ ജില്ലയിലുണ്ടാകുന്ന ഒഴിവുകളിലേക്ക് പൊതു സ്ഥലംമാറ്റം വഴി മറ്റ ജില്ലകളിൽ നിന്നും ജീവനക്കാരെ മാറ്റി നിയമിക്കുന്നത് തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(ഇ) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ തയ്യാറാകുമോ; ഇതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിനു മുൻപ് പരമാവധി പേർക്ക് നിയമനം ലഭിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

മലപ്പുറം ജില്ലയിലെ LD ക്ലാർക്ക് റാങ്ക് ലിസ്റ്റ്

66 (71) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള LD ക്ലർക്ക് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ; അതിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത് ;

(ബി) ഇതിനകം വിവിധ വകുപ്പുകളിലായി നടത്തിയ നിയമന വിവരങ്ങൾ വിശദീകരിക്കാമോ ;